<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ.... ചോദ്യം നമ്പർ *541 ...........(ബഹളം)........ ശ്രീ. വി. ടി. ബൽറാം..... ശ്രീ. അനൂപ് ജേക്കബ്.....

ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യം ചോദിക്കുന്നുണ്ടോ? ചോദ്യം നമ്പർ *542 ...........(ബഹളം)........ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യോത്തര വേളയുമായി സഹകരിക്കുന്നുണ്ടോ?

(ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടത്തണമെന്ന ആവശ്യം ഉന്നയിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്ന് ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.യെ മർദ്ദിച്ച കേസിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടുള്ള അന്വേഷണം വേണമെന്ന് ഞങ്ങൾ ഇന്നലെ ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റ് അത് അംഗീകരിക്കുന്നില്ലെന്നാണ് പറഞ്ഞത്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ എത്തിയിട്ടുണ്ട്. ഈ സഭയിലെ ഒരംഗത്തെ പോലീസ് ഭീകരമായി

മർദ്ദിച്ച സാഹചര്യത്തിൽ ആ ഉദ്യോഗസ്ഥരെ സസ്പെൻഷനിൽ നിർത്തിക്കൊണ്ടുള്ള അന്വേഷണം വേണമെന്ന് ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുകയാണ്.

മി. സ്പീക്കർ: ഇതേ വിഷയം അങ്ങ് സബ്മിഷനായി ഉന്നയിക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയാണെങ്കിൽ ചോദ്യോത്തരവേള ഞങ്ങൾ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടത്തണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ച് പുറത്തുപോയി.)